# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 254 — 11.12.14 ൽ - മറുപടിക്ക്

## റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, വി.പി. സജീന്ദ്രൻ<br>,, എ.പി. അബ്ദുള്ളക്കുട്ടി | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ), (ബി) & (സി) | ഉണ്ട്. സംസ്ഥാനത്ത് പൊതുവിതരണ സംവിധാനത്തിന്റെ സമഗ്ര നവീകരണത്തിന്റെ ഭാഗമായി എൻഡ്-ടു-എൻഡ് കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കാൻ തീരുമാനിക്കുകയും ഇതിന്റെ ഭാഗമായി വകുപ്പ് തലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ 31.05.14-ലെ സ.ഉ(കൈ)നം.18/14/ഭ.പൊ.വി.വ പ്രകാരം സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | | 1. റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുക<br>2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും, ഭക്ഷ്യധാന്യങ്ങൾ ഒരു സർക്കാർ സംവിധാനത്തിലൂടെ നേരിട്ട് എ.ആർ.ഡി.കളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക. |
| (സി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | | 3. എ.ആർ.ഡി. നവീകരണത്തിലൂടെ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതി നുള്ള സംവിധാനം തയ്യാറാക്കുക.<br>4. ഗുണഭോക്താവിന് സുതാര്യമായ പരാതി പരിഹാര സംവിധാനം ഒരുക്കുക<br>പദ്ധതി നടപ്പാക്കുന്നതിലൂടെ കേരളത്തിലെ പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിതരണ ശൃംഖല കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സാധിക്കും. മാത്രമല്ല, സുതാര്യവും ഫലപ്രദവുമായ പൊതുവിതരണം ഉറപ്പ് വരുത്തുന്നതിനും ഉത്തരവാദിത്തപൂർണ്ണവും അഴിമതി രഹിതവുമായ പൊതുവിതരണ ശൃംഖല കെട്ടിപ്പടുക്കുവാനും ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ സാധിക്കുന്നതാണ്. |

| | | |
|---|---|---|
| (ഡി) | പദ്ധതി നടപ്പാക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് അപ്പക്സ് കമ്മിറ്റി, ഭക്ഷ്യ സെക്രട്ടറി അദ്ധ്യക്ഷനായുള്ള **SPeMT**, സിവിൽ സപ്ലൈസ് കമ്മീഷണർ അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നോഡൽ ആഫീസറായി സിവിൽ സപ്ലൈസ് കമ്മീഷണറെ നിയോഗിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*